പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2615 — 19.03. 2015 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി നിലവിലുണ്ടോയെന്നും എങ്കിൽ ഇതിന്റെ പോരായ്മകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010 മാർച്ച് മുതൽ നിലവിലുണ്ട്.<br><br>ടി പദ്ധതി പ്രകാരം കുടിയേറ്റ തൊഴിലാളികൾ കേരളത്തിൽ എത്തി വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുമ്പോൾ ടി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധിതമല്ലാത്തതിനാൽ ഭൂരിഭാഗം തൊഴിലാളികളും ഇതിൽ അംഗത്വമെടുക്കാറില്ല. അതിനാൽ ഈ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. |
| (ബി) ഇവർക്കാവശ്യമായ ജോലി സാഹചര്യങ്ങൾ, ഇവരുടെ നിയന്ത്രണം എന്നിവ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് പുതിയ നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.